**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1106 05/03/2020-ൽ മറുപടിയ്ക്ക്

## പ്രീ-പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>**ശ്രീ.വി. അബ്ദുറഹിമാൻ** | | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രീ-പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സർക്കാർ വകുപ്പുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീസ്കൂളുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. അതിന്റെ ഭാഗമായി സമഗ്രശിക്ഷാ, കേരളയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട 414 പ്രീസ്കൂളുകളെയും ചുറ്റുമുള്ള 3 അങ്കണവാടികളെയും ഉൾപ്പെടുത്തി ക്ലസ്റ്റർ സംവിധാനം രൂപീകരിക്കുന്ന പ്രക്രിയ പൈലറ്റ് പരിപാടിയായി ചെയ്തുവരുന്നു. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളുടെ അവസ്ഥാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. |
| (ബി) പ്രീ-പ്രൈമറി വിദ്യാഭ്യാസം ലോകനിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(സി) പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് അധ്യാപകർക്ക് മികച്ച പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) | അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ പ്രീ-സ്കൂൾ കോർ റിസോഴ്സ് ഗ്രൂപ്പ് (പി.എസ്.സി.ആർ.ജി) പ്രീ-സ്കൂൾ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് (പി.എസ്.എസ്.ആർ.ജി) പ്രീ-സ്കൂൾ ജില്ലാ റിസോഴ്സ് ഗ്രൂപ്പ് (പി.എസ്.ഡി.ആർ.ജി) എന്നിവ രൂപീകരിച്ചിട്ടുണ്ട്. പരിശീലന പാക്കേജ് 'സംപ്രീതം' എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. 50 പേരടങ്ങുന്ന സംസ്ഥാന റിസോഴ്സ് അംഗങ്ങളെ (പി.എസ്.എസ്.ആർ.ജി) പരിശീലനത്തിനായി ശില്പശാലകളിലൂടെ സജ്ജരാക്കിയിട്ടുണ്ട്. |

Reene

സെക്ഷൻ ഓഫീസർ